<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771**</u> <u>**09-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**പുരാവസ്തു വകുപ്പ് കീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന ചില കെട്ടിടങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ ഉടമസ്ഥാവകാശം പുരാവസ്തു വകുപ്പിനില്ല. സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര സർക്കാർ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ ഓരോ ഓഫീസിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റ് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന സംരക്ഷിത സ്മാരകങ്ങളായ കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ്, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അന്തിമ ബിൽ തുക അനുവദിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം താലൂക്ക് ഓഫീസിലും പരിസര പ്രദേശത്ത് ഉള്ള മറ്റ് ഓഫീസുകൾക്കും അവസാനമായി അറ്റകുറ്റപ്പണികൾ നടത്തുവാനായി വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം നൽകാമോ; | (സി) | തിരുവനന്തപുരം താലൂക്ക് ഓഫീസ് ഉൾപ്പെടെ പ്രവർത്തിക്കുന്ന പഴയ പേഷ്കാർ ഓഫീസ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, ഇതിൽപ്പെടുന്ന വില്ലേജ് ഓഫീസിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2015 ആഗസ്റ്റിൽ 13,70,513/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഓഫീസുകളിൽ ഇഴജന്തുക്കളുടെ ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | ഇഴജന്തുക്കളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ